**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1030** **12-06-2024 - ൽ മറുപടിയ്ക്ക്**

**തോടുകളിലും പുഴകളിലും നിന്ന് മണലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തോടുകളിലും പുഴകളിലും അടിഞ്ഞുകൂടിയ ചെളിയും, മണലും, മാലിന്യവും നീക്കം ചെയ്യാത്തതുമൂലം നഗര പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമായതായി പറയപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ തോടുകളിലും പുഴകളിലും അടിഞ്ഞുകൂടിയ ചെളിയും, മണലും, മാലിന്യവും നീക്കം ചെയ്യാത്തതുമൂലം നഗര പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമായതായി പറയപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ട്.<br><br>വളരെവേഗത്തിലുള്ള നഗരവത്കരണവും അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളും കയ്യേറ്റങ്ങളും ഭൂവിനിയോഗത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളും മൂലം ഒറ്റ ദിവസത്തെ മഴപെയ്ത്ത് കൊണ്ട്തന്നെ സംസ്ഥാനത്തെ ഭൂരിഭാഗം പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടുന്ന അവസ്ഥയാണുള്ളത്. 2018 മുതൽ ഇങ്ങോട്ട് വളരെ ചെറിയ ഇടവേളയിൽ കൂടുതൽ മഴപെയ്യുന്ന (Intensity of rain) സ്ഥിതിയാണുള്ളത്. പ്രാദേശികമായി പെയ്യുന്ന ഇത്തരത്തിലുള്ള അതിതീവ്ര മഴയാണ് നഗരപ്രദേശങ്ങളിൽ പ്രളയസമാനമായ വെള്ളക്കെട്ടിന്റെ മൂലകാരണം. ഇതുമൂലം നിലവിലുള്ള ജലനിർഗമനതോടുകളിലൂടെ വെള്ളം വാർന്നുപോകുന്നതിന് കാലതാമസം ഉണ്ടാവുകയും ആയത് വെള്ളക്കെട്ടിനു കാരണമാവുകയും ചെയ്യുന്നു. ഇങ്ങനെ ലഭിക്കുന്ന മഴയെ ഉൾക്കൊള്ളാനുള്ള ശേഷി നിലവിലുള്ള തോടുകൾക്കോ നദികൾക്കോ ഇല്ല. കൂടാതെ surface runoff കാരണം തോടുകളിലും നദികളിലും പതിക്കുന്ന വെള്ളത്തിനൊപ്പം ചെളി, മണൽ, പ്ലാസ്റ്റിക് എന്നിവ ഉൾപ്പെടെയുള്ള മാലിന്യങ്ങളും വന്ന് അടിഞ്ഞു കൂടുന്നതു കാരണം തോടുകളുടെയും നദികളുടെയും water carrying capacity കുറയുകയും കൂടുതൽ വെള്ളക്കെട്ടുണ്ടാകുകയും ചെയ്യുന്നു. വിവിധ വകുപ്പുകൾ വഴി മഴമുന്നൊരുക്ക പ്രവൃത്തികൾ ചെയ്യുന്നുണ്ടെങ്കിലും |

| | | | |
|---|---|---|---|
| | | | ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പശ്ചാത്തലത്തിൽ ഇപ്പോഴുണ്ടാകുന്ന പ്രാദേശിക cloud bursting-കളും തന്മൂലമുണ്ടാകുന്ന അതിതീവ്രമഴയുടെയും സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തികൾ വഴി പൂർണ്ണമായ പരിഹാരം ഉണ്ടാക്കാൻ ബുദ്ധിമുട്ടു വരുന്നു. |
| (ബി) | മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഓടകളിൽ നിന്നും മാലിന്യം നീക്കം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ഈ കാര്യാലയത്തിനു കീഴിൽ മഴക്കാല മുന്നൊരുക്ക പ്രവൃത്തനങ്ങളുടെ ഭാഗമായി അടിയന്തര പ്രാധാന്യമുള്ള ശുചീകരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനു വേണ്ടി ഓരോ ജില്ലയിലേയും മേജർ/മൈനർ ഡിവിഷൻ കാര്യാലയങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഈ ഫണ്ട് വിഹിതം ഉപയോഗിച്ച് തോടുകളിലെ പായലും കുളവാഴയും നീക്കം ചെയ്യുന്ന പ്രവൃത്തികളും കാനകൾ വൃത്തിയാക്കുന്ന പ്രവർത്തനങ്ങളും വിവിധ പുഴകളിൽ അടിഞ്ഞു കൂടിയ ചെളിയും മറ്റ് തടസങ്ങളും നീക്കം ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. കൂടാതെ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പുഴകളുടെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. |
| (സി) | സംസ്ഥാനത്ത് മഴ ശക്തമാകുന്ന സാഹചര്യത്തിൽ തോടുകളിലും പുഴകളിലും അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മണലും, മാലിന്യവും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഈ കാര്യാലയത്തിനു കീഴിൽ മഴക്കാല മുന്നൊരുക്ക പ്രവൃത്തനങ്ങളുടെ ഭാഗമായി അടിയന്തര പ്രാധാന്യമുള്ള ശുചീകരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനു വേണ്ടി ഓരോ ജില്ലയിലേയും മേജർ/മൈനർ ഡിവിഷൻ കാര്യാലയങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഈ ഫണ്ട് വിഹിതം ഉപയോഗിച്ച് തോടുകളിലെ പായലും കുളവാഴയും നീക്കം ചെയ്യുന്ന പ്രവൃത്തികളും കാനകൾ വൃത്തിയാക്കുന്ന പ്രവർത്തനങ്ങളും വിവിധ പുഴകളിൽ അടിഞ്ഞു കൂടിയ ചെളിയും മറ്റ് തടസങ്ങളും നീക്കം ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. കൂടാതെ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പുഴകളുടെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ